പാലച്ചുങ്കം

*ക ൭൦. (ന.ച) ശ്രീ. കോന്നനാത്തു കുഞ്ഞിരാമമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തൃശ്ശിവപേരൂർ ഡിസ്ട്രിക്ടിൽ തലപ്പിള്ളിതാലൂക്കിൽ സ്ഥിതിചെയ്യുന്നതും, ഐക്യസംസ്ഥാനത്തിലെ ക്വാടമായ ചെറുതുരുത്തി വില്ലേജിലേക്കു് കിടക്കുന്നതുമായ കൊച്ചിൻ ബ്രിഡ്ജിലെ പാലച്ചുങ്കം നിറുത്തൽചെയ്യുവാൻ എന്നാണു്;

(ബി) ഈ ചുങ്കം നിറുത്തൽ ചെയ്യുന്നതിനു സെൻട്രൽ ഗവൺമെണ്ടോ, മലബാർ സിസ്ട്രിക്ട് ബോർഡോ ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) ആയതു് അവരുടെ അധികാരത്തിൽ പെട്ടതാണോ;

(ഡി) ജനകീയ ഗവൺമെണ്ടിന്റെ അറിവിൽപെട്ട അന്വേഷണം നടത്തിയതിന്റെ ഫലമായിട്ടാണോ അങ്ങനെ ചെയ്തിട്ടുള്ളതെന്നു പറയുമോ?

ധനകാര്യവും റവന്യൂവും മന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ചുങ്കം നിറുത്തൽ ചെയ്യുന്നു് ക൭—൭—൫൰ ൫൦൰ൽ ആണു്.

(ബി) ഈ ചുങ്കം നിറുത്തൽ ചെയ്യുന്നതിനു് സെൻട്രൽ ഗവൺമെണ്ടോ മലബാർ ഡിസ്ട്രിക്ടു് ബോർഡോ ആവശ്യപ്പെട്ടിട്ടില്ല.

(സി) അല്ല.

(ഡി) പൂർണ്ണമായി അങ്ങനെതന്നെ.

ബി. ടി. (ട്രെയിനിംഗ് കോളേജു്)

*ക ൭൧. (ന.ന) ശ്രീ. കണ്ണാറഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തൃശ്ശൂരിലോ എറണാകുളത്തോ ഒരു ബി. ടി. (ട്രെയിനിംഗ് കോളേജു്) സ്ഥാപിക്കേണ്ടതായ ആവശ്യമുണ്ടെന്നു ഗവൺമെണ്ടിനു ബോദ്ധ്യമായിട്ടുണ്ടോ;

(ബി) ഇക്കൊല്ലം ട്രെയിനിംഗ് കോളേജിൽ ബി. ടി. ക്ലാസ്സിലേക്കു് പ്രവേശനത്തിനപേക്ഷിച്ച എല്ലാവർക്കും പ്രവേശനം കൊടുത്തിട്ടുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ബോദ്ധ്യമായിട്ടുണ്ടു്.

(ബി) ഇല്ല.

തിരുവിതാംകൂർ യൂണിവേഴ്സിറ്റി

*ക ൭൨. (ന.൮) ശ്രീ. കണ്ണാറഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂർ യൂണിവേഴ്സിറ്റി ഇപ്പോഴും തിരുവിതാംകൂർ യൂണിവേഴ്സിറ്റി ആയിരിക്കുന്നതേയുള്ളോ അതോ തിരുവിതാംകൂർ-കൊച്ചി യൂണിവേഴ്സിറ്റി ആക്കിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടു്?

LIBRARY ARCHIVES Kerala Legislative Assembly